LIBRARY ARCHIVES Kerala Legislative Assembly

ഡൈയിംഗ് ഇൻ ഹാർനസ് നിയമനം കാലതാമസം ഒഴിവാക്കാൻ നടപടി

25 [25] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ഡൈയിംഗ് ഇൻ ഹാർനസ് നിയമന വ്യവസ്ഥ പ്രകാരം ജോലിക്ക് അപേക്ഷിച്ച് കാത്തുനിൽക്കുന്നവർ എത്രയുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പല വകുപ്പുകളിലും നിയമനം ലഭിക്കുവാനായി വർഷങ്ങളായി കാത്തുനിൽക്കുന്ന അപേക്ഷകർ ഉള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഡൈയിംഗ് ഇൻ ഹാർനസ് നിയമനം ത്വരിതപ്പെടുത്തുന്നതിന് വകുപ്പു മേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി ആന്റ് ഡി) 24-5-1999-ലെ ജി.ഒ.(പി) നം. 12/99/ഉഭപവ. ഉത്തരവിലെ 30 മുതൽ 38 വരെയുള്ള ഖണ്ഡികയിൽ ആശ്രിതനിയമനത്തിനുണ്ടാകാവുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്. കൂടാതെ 21-4-2003-ലെ 1594/ഉപ.സി.2/03/ഉഭപവ. എന്ന സർക്കുലർ പ്രകാരവും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവിന്റെയും സർക്കുലറിന്റെയും പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

പി.എസ്.സി. വഴി നിയമനം ലഭിച്ചവർ

26 [26] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പി.എസ്.സി. വഴി എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം എത്ര പി.എസ്.സി. ലിസ്റ്റുകൾ കാലാവധി തീർന്നിട്ടുണ്ട് എന്നും കാലാവധി തീർന്ന ഓരോ ലിസ്റ്റിലും എത്ര പേർ ഉണ്ടായിരുന്നു; എത്രപേർക്ക് തൊഴിൽ നൽകി എന്ന് അറിയിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഏതെല്ലാം പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ട്; അവയിൽ ഓരോന്നിലും എത്രപേർ ലിസ്റ്റിലുണ്ടായിരുന്നു; എത്രപേർക്ക് തൊഴിൽ നൽകി എന്നു വ്യക്തമാക്കുമോ;

(ഡി) ഒരു വർഷത്തിനകം എത്ര പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി തീരാൻ സാധ്യതയുണ്ട് എന്നും ആ ലിസ്റ്റുകളിൽനിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) വിവിധ ലിസ്റ്റുകളിൽനിന്നും പി.എസ്.സി. ശുപാർശ നൽകിയതിനുശേഷം നിയമനം ലഭിക്കാത്ത എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

പാലക്കാട് ജില്ലാ ഹോസ്റ്റൽ വാർഡൻ തസ്തികയിലെ നിയമനം

27 [27] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജില്ലാ ഹോസ്റ്റൽ വാർഡൻ തസ്തികയിൽ ഇന്റർവ്യൂ കഴിഞ്ഞു പട്ടികവർഗ്ഗ വിഭാഗത്തിൽ ഒന്നാം റാങ്കുള്ള ഷിബുകുമാർ, വി. എസ്. എന്നയാളിന് ഇതേവരെ നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ എത്ര വാർഡൻമാരുടെ ഒഴിവ് നിലവിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗക്കാരനും ഒന്നാം റാങ്കുകാരനുമായ പാവപ്പെട്ട ആദിവാസിയുവാവായ ഷിബുകുമാറിന്റെ നിയമനം താമസിപ്പിക്കാൻ ഉണ്ടായ സാഹചര്യത്തിനുത്തരവാദികളായവരോട് വിശദീകരണം ചോദിക്കുമോ?

ഉത്തരം

(എ) ഹോസ്റ്റൽ വാർഡൻ തസ്തികയിൽ നിയമനത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രത്യേകം റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ബി) പാലക്കാട് ജില്ലയിൽ നിലവിൽ പ്രീ-മെട്രിക് ഹോസ്റ്റൽ വാർഡൻ തസ്തികയിൽ ഒഴിവില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly